(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നടപടികൾ സ്വീകരിച്ചുവരുന്നു.

(ഇ) സർക്കാർ അംഗീകരിച്ചിട്ടുണ്ട്. താമസംവിനാ ആക്ട് ഭേദഗതി ചെയ്തുകൊണ്ടുള്ള ഗസറ്റ് വിജ്ഞാപനം പുറപ്പെടുവിക്കുന്നതാണ്.

കൈത്തറി തൊഴിലാളി പെൻഷൻ

82 (307) ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1989-ലെ കേരളാ കൈത്തറി തൊഴിലാളി ക്ഷേമനിധി പദ്ധതിപ്രകാരം പെൻഷൻ അനുവദിക്കുന്നതിനുള്ള പ്രായപരിധി എത്രയാണെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രായപരിധിയുടെ കാര്യത്തിൽ ഭേദഗതി വരുത്തിയിട്ടുണ്ടോ ;

(സി) ശ്രീ. ജി. കുട്ടൻപിള്ള, പ്ലാവിള കിഴക്കതിൽ, ഇടവടം, കാരുവേലിൽ പി.ഒ., കൊല്ലം സമർപ്പിച്ച പെൻഷൻ അപേക്ഷയിൻമേൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ ; പെൻഷൻ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 1989-ലെ കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി പദ്ധതിയുടെ 35-ാം ഖണ്ഡിക പ്രകാരം 60 വയസ്സ് പൂർത്തിയായി ജോലിയിൽ നിന്ന് വിരമിക്കുന്ന കൈത്തറി തൊഴിലാളികൾക്കാണ് പെൻഷന് അർഹതയുള്ളത്.

(ബി) ഇല്ല.

(സി) കൊല്ലം, കാരുവേലിൽ പ്ലാവിള കിഴക്കതിൽ, ശ്രീ. ജി. കുട്ടൻപിള്ള കൊല്ലത്തെ പരിത്രേശ്വരം കൈത്തറി തൊഴിലാളി സഹകരണ സംഘത്തിൽ നിന്നും 55 വയസ്സ് പൂർത്തിയായി വിരമിച്ചതാണ്. ടിയാൻ 2000 ഫെബ്രുവരി മാസത്തിൽ പെൻഷന് സമർപ്പിച്ച അപേക്ഷ 60 വയസ്സിന് മുമ്പ് വിരമിച്ചതിനാൽ നിലവിലുള്ള പദ്ധതി വ്യവസ്ഥ പ്രകാരം പെൻഷന് അർഹതയില്ലാത്തതുകൊണ്ട് 13-4-2000-ന് നിരസിച്ചതും ഉത്തരവ് അപേക്ഷകന് അയച്ചുകൊടുത്തിട്ടുള്ളതുമാണ്. പദ്ധതിയുടെ നിലവിലുള്ള വ്യവസ്ഥ പ്രകാരം ടി അംഗത്തിന് പെൻഷൻ അനുവദിക്കുവാൻ നിർവ്വാഹമില്ല.

നിർമ്മാണ തൊഴിലാളികളുടെ അപകട മരണം

83 (308) ശ്രീ. പി. പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബഹുനില മന്ദിരങ്ങളുടെ നിർമ്മാണത്തിനിടയിൽ കെട്ടിടങ്ങളിൽ നിന്നും തൊഴിലാളികൾ വീണു മരിക്കുന്ന സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; കഴിഞ്ഞ നാല് കൊല്ലത്തിനിടയിൽ ഇത്തരത്തിലുള്ള അപകടത്തിൽപ്പെട്ട് എത്ര തൊഴിലാളികൾ മൃതിയടഞ്ഞിട്ടുണ്ടെന്നും അവരുടെ ആശ്രിതർക്ക് ഏതൊക്കെ ഇനത്തിൽ എന്തു തുക നഷ്ടപരിഹാരമായി നൽകി എന്നും വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly